# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3456 — 12.05.2017-ന് മറുപടിയ്ക്ക്

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ് :** | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.01.2017-ൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; | (എ) തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, പൊതുവിദ്യാഭ്യാസം, പൊതുഭരണം, റവന്യൂ, സാംസ്കാരികം എന്നീ വകുപ്പുകൾക്ക് യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് അയച്ചുകൊടുക്കുകയും പ്രസ്തുത വകുപ്പുകൾ നടപടി സ്വീകരിച്ചു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ബഹു. പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമ സാംസ്കാരിക നിയമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.01.2017-ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്**

യോഗം 12.00-ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു

1. ആംഗ്ലോ ഇന്ത്യൻ പ്രതിനിധികൾ സമർപ്പിക്കുന്ന നിവേദനങ്ങളെല്ലാം കേരള പിന്നാക്ക വിഭാഗ കമ്മീഷന് നൽകാൻ തീരുമാനിച്ചു. 3 മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് കമ്മീഷനോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.
2. ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് L.C./SIUC വിഭാഗക്കാരോടൊപ്പം ആംഗ്ലോ ഇന്ത്യൻസിനെ കൂടി ഉൾപ്പെടുത്തി 1% സംവരണം അനുവദിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി അപേക്ഷ കേരളാ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് കൈമാറുവാൻ തീരുമാനിച്ചു.
3. ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന്റെ കീഴിലുള്ള 18 എയ്ഡഡ് സ്കൂളുകളെ ഹൈസ്കൂളുകളാക്കി upgrade ചെയ്യുന്ന വിഷയം പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിക്കുന്നതാണ്.
4. ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ എം. എൽ.എ. യുടെയും എം.പിയുടേയും ഫണ്ടിൽ നിന്നും നിശ്ചിത ശതമാനം സോഷ്യൽ മാപ്പിംഗിലൂടെ ആംഗ്ലോ ഇന്ത്യൻ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ലഭ്യമാക്കുന്നതിന് പൊതുഭരണ വകുപ്പിലേക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.
5. എറണാകുളം ജില്ലയിൽ 25 സെന്റിൽ കുറയാത്ത റവന്യൂ ഭൂമി ലഭിക്കുകയാണെങ്കിൽ ആംഗ്ലോ ഇന്ത്യൻ സാംസ്കാരികനിലയം പണിയുന്നതിന് പ്രൊപ്പോസൽ റവന്യൂ വകുപ്പിന് നല്കുവാൻ തീരുമാനിച്ചു.
6. കൊല്ലം ജില്ലയിലെ തങ്കശ്ശേരി പ്രദേശത്തെ പോർച്ചുഗീസ് സെമിത്തേരി ഹെറിറ്റേജ് സംരക്ഷണവും മാള, കുരുകുറ്റി സെന്റ്ഫ്രാൻസിസ് ചർച്ചിന്റെ അവശിഷ്ട സംരക്ഷണം, പൈതൃക സംരക്ഷണം എന്നിവയിൽ നടപടി കൈക്കൊള്ളുന്നതിനായി സാംസ്കാരിക

വകുപ്പിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

യോഗം 12-40-ന് അവസാനിച്ചു.

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ശ്രീ.ജോൺ ഫെർണാണ്ടസ് എം.എൽ.എ.
2. ശ്രീമതി ഷീല തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണവകുപ്പ്
3. ശ്രീ. അലി അസ്ഗർ പാഷ, ഡയറക്ടർ, ന്യൂനപക്ഷ വകുപ്പ്
4. ശ്രീ. ദിലീപ്ഖാൻ, ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
5. ശ്രീമതി ജെസ്സി ജോർജ്ജ്, ഡെപ്യൂട്ടി സെക്രട്ടറി, പിന്നോക്ക സമുദായ വികസന വകുപ്പ്.
6. ശ്രീ.റാൽഫ് ഫരിയ, പ്രസിഡന്റ് ഇൻ ചീഫ്, യൂണിയൻ ഓഫ് ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ.
7. ശ്രീ.ആന്റണി ആൽബർട്ട്, പ്രസിഡന്റ്, ലാറ്റിൻ കാത്തലിക് അസോസിഷൻ
8. ശ്രീ.ഡെന്നീസ് ഡികോസ്റ്റാ, ജനറൽ സെക്രട്ടറി, ആൾ കേരള യൂണിയൻ ഓഫ് ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ.
9. ശ്രീ. മാർഷൽ ഡി'കൻഹാ, ജനറൽ സെക്രട്ടറി, യൂണിയൻ ഓഫ് ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ.
10. ശ്രീ. പ്രദീപ് കെ.ആർ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്
11. ശ്രീ. സ്റ്റാൻലി ഗോൺസാൽവസ്, പ്രസിഡന്റ്, ആംഗ്ലോ ഇന്ത്യൻ മൾട്ടി പർപ്പസ് സൊസൈറ്റി

സെക്ഷൻ ഓഫീസർ